റാന്നി സബ് ഡിവിഷനിൽ ജലവിഭവ വകുപ്പിന്റെ എൻ/സി, പി/സി സ്കീമിലെ പദ്ധതികൾ

37 (1722) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിന്റെ റാന്നി സബ് ഡിവിഷനിൽ എൻ/സി, പി/സി സ്കീമിൽ എത്ര പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത് ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദീകരിക്കാമോ ;

(സി) ഓരോ പ്രവൃത്തിയും സമയബന്ധിതമായി കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്ന നടപടികളും വിശദീകരിക്കാമോ ;

(ഡി) ഓരോ പ്രവൃത്തികൾക്കും പുതുതായി നിർദ്ദേശിച്ചിരിക്കുന്ന ലൈൻ നീട്ടാൻ ഇൻടേക്ക് വികസനം എന്നിവയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റാന്നി സബ് ഡിവിഷനിൽ ഏറ്റെടുത്ത പദ്ധതികളിൽ 8 എണ്ണം പൂർത്തിയാക്കുവാനുണ്ട്.

(ബി) റാന്നി സബ് ഡിവിഷന്റെ കീഴിൽ ആകെ 34 എൻ/സി, പി/സി, പദ്ധതികളാണുള്ളത്. അതിൽ 23 എണ്ണം ഏറ്റെടുക്കുകയും 15 എണ്ണം കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. 8 പദ്ധതികൾ ഇനി പൂർത്തീകരിക്കുവാനുണ്ട്. ഈ 8 പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പണികൾ പൂർത്തീകരിച്ചു. എന്നാൽ പമ്പ്സെറ്റുകൾ സ്ഥാപിച്ചാൽ മാത്രമേ കമ്മീഷൻ ചെയ്യുവാൻ കഴിയുകയുള്ളൂ. ഇതിൽ 2 പദ്ധതികൾക്കുവേണ്ടി പമ്പ് സെറ്റുകൾ ടെണ്ടർ ചെയ്തു കഴിഞ്ഞു. 6 പദ്ധതികളുടെ പമ്പുസെറ്റുകൾ വാങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഈ പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് കണക്ഷൻ കിട്ടുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള 11 പദ്ധതികൾക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) ആരംഭിച്ച പദ്ധതികളിൽ വൈദ്യുതി കണക്ഷൻ കിട്ടുന്ന മുറയ്ക്ക് പമ്പ് സെറ്റുകൾ സ്ഥാപിച്ച് ജലവിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബാക്കിയുള്ള പദ്ധതികൾ എത്രയും പെട്ടെന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ വിളിക്കുന്നതാണ്.

(ഡി) ഓരോ പ്രവൃത്തിയുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

2018/12

LIBRARY ARCHIVES Kerala Legislative Assembly